## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 625

11.6.2013-ലെ
മറുപടിയ്ക്ക്

## റാന്നി റബ്ബർപാർക്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) റാന്നി റബ്ബർപാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായവകുപ്പും, കിൻഫ്രയും ഇതേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന വ്യക്തമാക്കാമോ ; | എ) റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്ക് വേണ്ടി പത്തനംതിട്ട ജില്ലാകളക്ടർ റാന്നി താലൂക്കിലെ വിവിധ ഭാഗങ്ങളിൽപ്പെട്ട 6 സ്ഥലങ്ങൾ പരിശോധിച്ച് അതിൽ ഉചിതമായ സ്ഥലം ഏതെന്ന് കണ്ടെത്താനായി റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ട് പരിശോധിച്ച് റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലെ മണക്കയത്തുള്ള 250 ഏക്കർ ഭൂമി കണ്ടെത്തി ഏറ്റെടുക്കുവാൻ തീരുമാനിച്ചു. പ്രസ്തുത ഭൂമിയിൽ കിൻഫ്രയുടെയും, റവന്യൂ വകുപ്പിന്റെയും, റബ്ബർ ബോർഡിന്റെയും, ഉദ്യോഗസ്ഥൻമാർ സംയുക്ത പരിശോധന നടത്തി. റവന്യൂ വകുപ്പിന്റെ വിശദമായ പരിശോധനയിൽ മേൽപ്പറഞ്ഞ ഭൂമിയിൽ റീസർവ്വെ നടത്തിയിട്ടില്ലെന്നും പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്ക്, സർക്കാരിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും ഹാരിസൺ മലയാളം പ്ലാന്റേഷൻ പാട്ടത്തിനെടുത്ത ഭൂമി, എന്നിവ ഉൾപ്പെട്ടതാണെന്നും ഭൂമിയുടെ ഉടമസ്ഥതയുടെ ആധികാരികത സംശയാസ്പദമാണെന്നും ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശത്തിലിരിക്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്ന വിഷയത്തിൽ ഒരു നയപരമായ തീരുമാനം ആവശ്യവുമാകയാൽ മറ്റ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന്, ജില്ലാ കളക്ടർ റാന്നി തഹസീൽദാരെ ചുമതലപ്പെടുത്തി. പെരുനാട് വില്ലേജിൽപ്പെട്ട കാവനാൽ, കരിമ്പനാൽ എസ്റ്റേറ്റുകളിലുൾപ്പെട്ട 250 ഏക്കർ സ്ഥലം കണ്ടെത്തി ജില്ലാ കളക്ടർ മുഖാന്തിരം കിൻഫ്രയ്ക്ക് റിപ്പോർട്ട് അയയ്ക്കുകയുണ്ടായി. എന്നാൽ ലാൻഡ് |

| | | |
|---|---|---|
| | | അക്വിസിഷൻ നടപടികളുടെ പ്രാരംഭമായി സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് റവന്യൂ വകുപ്പ് 15.11.2011-ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കിൻഫ്ര ബോർഡ് 28.10.2011-ൽ തീരുമാനിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഭൂമിക്ക പുറമേ കുറഞ്ഞത് രണ്ടു ഭൂമികൂടി പരിശോധനയ്ക്ക് വിധേയമാക്കി പ്രസ്തുത ഭൂമികളുടെ വില കണക്കാക്കി ലാൻഡ് അക്വിസിഷൻ ഹൈലെവൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കാൻ ഒരു വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കാവനാൽ എസ്റ്റേറ്റിന്റെ ചില ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് കമ്പനി ലിക്വിഡേറ്ററുമായി ബന്ധപ്പെട്ട് ചില നിയമ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് , ആ ഭൂമി അക്വയർ ചെയ്യാൻ നിയമ തടസ്സമുണ്ടോ എന്നും വ്യക്തമാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) | ഇതു സംബന്ധിച്ച നടത്തിയിട്ടുള്ള കത്തിടപാടുകളുടെ കോപ്പി ലഭ്യമാക്കാമോ ; | ബി) ഇതു സംബന്ധിച്ച നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പ് ഇതോടൊപ്പം നൽകുന്നു. |
| സി) | റബ്ബർപാർക്കിനായി റാന്നി താലൂക്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ ജില്ലാ കളക്ടർ ഇതു സംബന്ധിച്ച നടത്തിയ നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ; | സി) & ഡി) 27.12.2011-ന് കിൻഫ്ര പത്തനംതിട്ട ജില്ലാ കളക്ടർക്ക് അയച്ച കത്തിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| ഡി) | പുതുതായി നിർദ്ദേശിക്കപ്പെട്ട കാവനാൽ, കരിമ്പനാൽ എസ്റ്റേറ്റുകളിൽപ്പെട്ട സ്ഥലം | |

സംബന്ധിച്ച നിയമ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എന്താണെന്നും കളക്ടർ എന്നാണ് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ വിശദാംശവും വെളിപ്പെടുത്തുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കാമോ ;

ഇ) പത്തനംതിട്ട ജില്ലയ്ക്ക് പ്രയോജനം ചെയ്യുന്ന ഫുഡ്പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഇ) ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനശേഷം അത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**